**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 699** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ചട്ടം ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി നിരക്ക് കൂട്ടാൻ വിതരണ കമ്പനികളെ അനുവദിക്കുന്ന നിർദേശം അന്തിമമാക്കി കേന്ദ്ര സർക്കാർ ചട്ടം ഭേദഗതി ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേ മാസാടിസ്ഥാനത്തിൽ ഉപഭോക്താവി കൈമാറാൻ ഉള്ള വ്യവസ്ഥക ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം 29.12.2022-ൽ വൈദ്യുതി ഭേദഗതി റൂൾസ് 2022 പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ചട്ടത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധികബാധ്യത/കുറവ് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്ത് Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽ നിന്ന് മാസാടിസ്ഥാനത്തിൽ സ്വയമേ വീണ്ടെടുക്കാൻ/ തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല.<br><br>നിയമങ്ങൾ പ്രസിദ്ധീകരിച്ച് തൊണ്ണൂറ ദിവസത്തിനുള്ളിൽ സംസ്ഥാന കമ്മീഷൻ price adjustment formula വ്യക്തമാക്കേണ്ടതാണ്. സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത Fuel and Power Purchase Adjustment Surcharge നിർണ്ണയിക്കുന്നത് വരെ വൈദ്യുതി (ഭേദഗതി) |

നിയമത്തിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത ഷെഡ്യൂൾ - II-ൽ വ്യക്തമാക്കിയിട്ടുള്ള methodology- യും formula- യും ബാധകമാക്കേണ്ടതാണ്.

റൂൾസ് അനുസരിച്ച് വർഷം തോറും ജൂൺ 30 -നു മുമ്പായി, power purchase adjustment surcharge ട്രൂ അപ്പ് പ്രക്രിയ മുഖേന സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. അതായത് വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിലവിലെ ചട്ടങ്ങൾ വൈദ്യുതി ഭേദഗതി റൂൾസ് അനുസരിച്ച് ഭേദഗതി ചെയ്യേണ്ടതാണ്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ Fuel and Power Purchase Adjustment Surcharge കണക്കാക്കാനും സ്വയമേവ ചാർജ് ചെയ്യാനും വിതരണ ലൈസൻസി പരാജയപ്പെട്ടാൽ, (force majeure conditions ഒഴികെ), വിതരണ യൂട്ടിലിറ്റിക്ക Fuel and Power Purchase Adjustment Surcharge വീണ്ടെടുക്കുന്നതിനുള്ള അവകാശം നഷ്ടപ്പെടുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ, ട്രൂ-അപ്പ് സമയത്ത് നിർണ്ണയിക്കുന്ന Fuel and Power Purchase Adjustment Surcharge വീണ്ടെടുക്കാനുള്ള അവകാശവും നഷ്ടപ്പെടും. അതായത് വൈദ്യുതി ഭേദഗതി റൂൾസ് അനുസരിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ Fuel and Power Purchase Adjustment Surcharge കണക്കാക്കാനും സ്വയമേവ ചാർജ് ചെയ്യാനും വിതരണ ലൈസൻസി പരാജയപ്പെടുന്ന സാഹചര്യത്തിൽ വിതരണ ലൈസൻസിക്ക വൈദ്യുതി വാങ്ങൽ ചെലവിലെ വ്യത്യാസം പിന്നീട് വീണ്ടെടുക്കാൻ കഴിയാതെ വരികയും ഇത് വിതരണ കമ്പനികളുടെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. അത് പോലെ ട്രൂ അപ്പ് പ്രക്രിയ സമയത്ത ഏതെങ്കിലും കാരണത്താൽ വിതരണ കമ്പനികൾ Fuel and Power purchase

| | | | |
|---|---|---|---|
| | | | Adjustment Surcharge (FPPAS) അധികമായി ഈടാക്കിയെന്ന് ശ്രദ്ധയിൽ പ്പെട്ടാൽ പ്രസ്തുത തുക വിതരണ കമ്പനികളിൽ നിന്നും പലിശ സഹിതം ഈടാക്കി ഉപഭോക്താക്കൾക്ക് തിരിച്ച് നൽകേണ്ടതാണ്. |
| (ബി) | മാസം തോറും വൈദ്യുതി നിരക്ക് വർദ്ധിക്കുന്നതിന് പ്രസ്തുത ചട്ടത്തിന്റെ ഭേദഗതി കാരണമാകുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ചട്ട ഭേദഗതി മൂലം വൈദ്യുതി നിരക്കിൽ വ്യതിയാനം ഉണ്ടാകാം. മൊത്തം വൈദ്യുതി വാങ്ങൽ ചെലവിന്റെ ഏറ്റക്കുറച്ചിലനുസരിച്ചാണ് FPPAS (Fuel and Power Purchase Adjustment Surcharge) സ്വയമേ ഈടാക്കപ്പെടുന്നത്. മൊത്തം വൈദ്യുതി വാങ്ങൽ ചെലവ് കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കൂടുമ്പോൾ സർചാർജ്ജായി സ്വയമേവ ഈടാക്കപ്പെടുകയും വൈദ്യുതി വാങ്ങൽ ചെലവ് കുറവാകുമ്പോൾ താരിഫിൽ ഇളവായി ഉപഭോക്താവിന് തിരികെ നൽകപ്പെടുകയും ചെയ്യുന്നു. മൊത്തം വൈദ്യുതി വാങ്ങൽ ചെലവ് കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറയുന്ന സമയങ്ങളിൽ നിലവിലെ റൂൾ പ്രകാരം, അതിന്റെ ഗുണഫലം തുടർന്നുള്ള മാസങ്ങളിൽ ഉപഭോക്താക്കൾക്ക് കൈമാറ്റപ്പെടാൻ കഴിയുന്നതാണ്. ഇന്ധന വിലയിൽ വർദ്ധനവുണ്ടാകുകയും എന്നാൽ hydro thermal mix -ൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ കാരണമോ power exchange-ലെ വിലക്കുറവ് കാരണമോ മൊത്തം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടാകുന്ന സാഹചര്യങ്ങളിൽ ഉപഭോക്താക്കൾക്ക് റൂൾസിലെ രീതി പ്രയോജനപ്പെടുന്നതാണ്.<br><br>പുതിയ ഭേദഗതി പ്രകാരം മൊത്തം വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനങ്ങൾ കമ്മീഷൻ നിർദ്ദേശിച്ച Fuel and Power Purchase Adjustment Formula പ്രകാരം സ്വയമേ വൈദ്യുതി ചാർജ്ജിലൂടെ ഈടാക്കുവാനോ ഇളവുകൾ നൽകാനോ അനുവദിക്കുന്നു. |
| (സി) | പ്രസ്തുത ഭേദഗതിയോട് സംസ്ഥാന സർക്കാർ സ്വീകരിച്ച സമീപനം വ്യക്തമാക്കാമോ; കേന്ദ്ര തീരുമാനം കെ.എസ്.ഇ.ബി. അംഗീകരിക്കാൻ ബാധ്യസ്ഥരാണോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | ഇക്കാര്യം നിയമപരമായി പരിശോധിച്ച് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ